# <u>അഭ്യന്തര സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ നിർദ്ദേശങ്ങൾ</u>

ജില്ലാ സെല്ലുകളിൽ അഭ്യന്തര സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തലിനായി അപേക്ഷ സമർപ്പിക്കുന്നവർ www.norkaroots.org എന്ന വെബ്സൈറ്റിൽ താഴെപ്പറയുന്ന രീതിയിൽ മേഖലാ ഓഫീസ് തിരഞ്ഞെടുത്ത് രജിസ്റ്റർ ചെയ്യേണ്ടതാണ്.

- തിരുവനന്തപുരം – തിരുവനന്തപുരം മേഖലാ ഓഫീസ്
- കൊല്ലം – ജില്ലാ നോർക്ക സെൽ, കൊല്ലം
- പത്തനംതിട്ട – തിരുവനന്തപുരം മേഖലാ ഓഫീസ്/ ജില്ലാ നോർക്ക സെൽ, കൊല്ലം
- ആലപ്പുഴ – തിരുവനന്തപുരം മേഖലാ ഓഫീസ്/എറണാകുളം മേഖലാ ഓഫീസ്
- എറണാകുളം – എറണാകുളം മേഖലാ ഓഫീസ്
- ഇടുക്കി – എറണാകുളം മേഖലാ ഓഫീസ്
- കോട്ടയം – എറണാകുളം മേഖലാ ഓഫീസ്
- തൃശൂർ – ജില്ലാ നോർക്ക സെൽ, തൃശൂർ
- പാലക്കാട് – എറണാകുളം മേഖലാ ഓഫീസ്
- മലപ്പുറം – കോഴിക്കോട് മേഖലാ ഓഫീസ്
- കോഴിക്കോട് – കോഴിക്കോട് മേഖലാ ഓഫീസ്
- കണ്ണൂർ – ജില്ലാ നോർക്ക സെൽ, കണ്ണൂർ
- കാസർഗോഡ് – കോഴിക്കോട് മേഖലാ ഓഫീസ്/ ജില്ലാ നോർക്ക സെൽ, കണ്ണൂർ
- വയനാട് – കോഴിക്കോട് മേഖലാ ഓഫീസ്

ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന അപേക്ഷകർ Home Attestation option തിരഞ്ഞെടുത്ത് രജീസ്റ്റർ ചെയ്യേണ്ടതാണ്. അഭ്യന്തര അറ്റസ്റ്റേഷനോടൊപ്പം എംബസ്സി /അപ്പോസ്റ്റൈൽ അറ്റസ്റ്റേഷൻ ആവശ്യമായവർ Home + Embassy/Apostille option തിരഞ്ഞെടുത്ത് രജീസ്റ്റർ ചെയ്യേണ്ടതാണ്.

*അഭ്യന്തര വകുപ്പ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തലിനായി 23/09/2011 ലെ സർക്കുലർ നമ്പർ 71684/എ.റ്റി.റിറി/2011/അഭ്യന്തരം നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമെ അപേക്ഷകൾ സ്വീകരിക്കാവൂ. അപേക്ഷകൾ സ്വീകരിക്കുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.*

1. അഭ്യന്തര വകുപ്പ് അറ്റസ്റ്റേഷനായി ജനന/മരണ/വിവാഹ സർട്ടിഫിക്കറ്റുകൾ, മുക്ത്യാർ/സത്യവാങ്മൂലം, രജിസ്ട്രേഷൻ, പ്രവൃത്തി പരിചയം, മാർക്കലിസ്റ്റ്/ട്രാൻസ്ക്രിപ്റ്റ്/പ്രൈവറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ എന്നിവ ജില്ലാ സെല്ലുകളിൽ സ്വീകരിക്കാവുന്നതാണ്. പ്രസ്തുത വിദ്യാഭ്യാസ/വിദ്യാഭ്യാസേതര സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റേഷനായി അപേക്ഷകൾ സ്വീകരിക്കുമ്പോൾ താഴെപ്പറയുന്ന ക്രമത്തിലായിരിക്കണം.

    - 10 രൂപ കോർട്ട് ഫീ സ്റ്റാംപ് ഒട്ടിച്ച നിശ്ചിത അപേക്ഷാ ഫോറം (പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു)
    - സർട്ടിഫിക്കറ്റ് ഉടമകളുടെ പാസ്പോർട്ടിന്റെ പകർപ്പ്
    - അപേക്ഷകന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് (സർട്ടിഫിക്കറ്റ് ഉടമയ്ക്ക് പകരം അധികാരപ്പെടുത്തിയ ആൾ അപേക്ഷ സമർപ്പിക്കുന്ന പക്ഷം )
    - സാക്ഷ്യപ്പെടുത്തേണ്ട സർട്ടിഫിക്കറ്റിന്റെ പകർപ്പ്
    - സാക്ഷ്യപ്പെടുത്തേണ്ട അസ്സൽ സർട്ടിഫിക്കറ്റ്

2. സർക്കാർ വകുപ്പുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ, അംഗീകൃത സർവ്വകലാശാലകൾ, അഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരീക്ഷാ കമ്മീഷണർ എന്നിവ

നൽകുന്ന വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക്ലിസ്റ്റുകൾ ഡ്രൈവിംഗ് ലൈസൻസ് പർട്ടിക്കുലേർസ്, ഫിംഗർപ്രിന്റ് സർട്ടിഫിക്കറ്റുകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവയും യുറോപ്യൻ രാജ്യങ്ങളിലേക്കോ മറ്റ് അപ്പോസ്റ്റൈൽ അറ്റസ്റ്റേഷൻ നിഷ്ക്കർഷിക്കുന്ന രാജ്യങ്ങളിലേക്കും സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നത് വെരിഫിക്കേഷന് ശേഷം മാത്രമാണ്. ഇത്തരത്തിൽ വെരിഫിക്കേഷൻ പൂർത്തിയാക്കിയ ശേഷം മാത്രം സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ട സാഹചര്യങ്ങളിൽ താഴെപ്പറയുന്ന രീതിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

- 10 രൂപ കോർട്ട് ഫീ സ്റ്റാംപ് ഒട്ടിച്ച നിശ്ചിത അപേക്ഷാ ഫോറം (പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു)
- സർട്ടിഫിക്കറ്റ് ഉടമകളുടെ പാസ്പോർട്ടിന്റെ പകർപ്പ്
- സാക്ഷ്യപ്പെടുത്തേണ്ട സർട്ടിഫിക്കറ്റിന്റെ 3 പകർപ്പ്

3. സർട്ടിഫിക്കറ്റ് ഒന്നിന് 10 രൂപ കോർട്ട് ഫീ സ്റ്റാമ്പ് എന്ന ക്രമത്തിൽ ഒന്നിൽ കൂടുതൽ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിലേയ്ക്കായി തത്തുല്ല്യമായ കോർട്ട് ഫീ സ്റ്റാമ്പുകൾ അപേക്ഷയിൽ പതിപ്പിക്കേണ്ടതാണ്
4. ഒരേ വ്യക്തിയുടെ ഒന്നിൽക്കൂടുതൽ രേഖകൾ ഒരു അപേക്ഷാ ഫോറത്തിൽ ഉൾക്കൊള്ളിച്ച് സാക്ഷ്യപ്പെടുത്തലിനായി സമർപ്പിക്കാവുന്നതാണ്
5. മുക്ത്യാർ, സത്യവാങ്മൂലം തുടങ്ങിയവയിൽ അതിൽ പരാമർശിക്കുന്ന എല്ലാ രേഖകളുടെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യേണ്ടതാണ്.
6. സംസ്ഥാനത്തിനകത്തുള്ള ഉത്തരവാദിത്തപ്പെട്ട അധികാരികൾ/അധികാര സ്ഥാപനങ്ങൾ നൽകുന്ന രേഖകൾ മാത്രമെ സാക്ഷ്യപ്പെടുത്തലിനായി സ്വീകരിക്കാവൂ.
7. അഭ്യന്തര സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തലിനായി ഫീസ് ജില്ലാ സെല്ലുകളിൽ സ്വീകരിക്കുന്നതല്ല. തുക **NEFT/RTGS/Google Pay** മുഖാന്തരം താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്.

തിരുവനന്തപുരം

Account : 6199201000058

| | | |
|---|---|---|
| കൊല്ലം | | IFSC : CNRB0006199 |
| പത്തനംതിട്ട | | Canara Bank |
| ആലപ്പുഴ | | Edapazhanji Branch |

| | | |
|---|---|---|
| എറണാകുളം | } | Account : 3113201000605 |
| കോട്ടയം | | IFSC : CNRB0006199 |
| ഇടുക്കി | | Canara Bank |
| തൃശൂർ | | Edapazhanji Branch |
| പാലക്കാട് | | |

| | | |
|---|---|---|
| കോഴിക്കോട് | } | Account : 3113201000606 |
| മലപ്പുറം | | IFSC : CNRB0006199 |
| കണ്ണൂർ | | Canara Bank |
| കാസർഗോഡ് | | Edapazhanji Branch |
| വയനാട് | | |

8. ബാങ്ക് അക്കൗണ്ട് രസീതിന്റെ ഒറിജിനൽ നോർക്ക–റൂട്ട്സ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
9. അഭ്യന്തര അറ്റസ്റ്റേഷൻ സംബന്ധിച്ച വിവരങ്ങൾക്കായി താഴെപ്പറയുന്ന നമ്പറിലും ബന്ധപ്പെടാവുന്നതാണ്.

തിരുവന്തപുരം – 8281004901
കൊല്ലം –8281004902

പത്തനംതിട്ട – 8281004903

ആലപ്പുഴ – 8281004904

എറണാകുളം – 8281004909

കോട്ടയം – 8281004905

ഇടുക്കി – 8281004906

തൃശൂർ – 8281004907

പാലക്കാട് – 8281004908

കോഴിക്കോട് – 8281004911

മലപ്പുറം – 8281004910

കണ്ണൂർ – 8281004913

കാസർഗോഡ് – 8281004914

വയനാട് – 8281004912